# UNIVERSITY OF CALICUT

UNIVERSITY OF CALICUT

(SCHOOL OF DISTANCE EDUCATION)

No: 75217/SDE-A-ASST-2/2017/Admn                Dated,Calicut University P.O 13.08.2019

## NOTIFICATION

**2019-20 അദ്ധ്യയന വർഷത്തേക്കുള്ള ബി.എ./ബി.കോം ഡിഗ്രി (ഓപ്പൺ സ്ട്രീം) പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം.**

കാലിക്കറ്റ് സർവകലാശാലാ വിദൂര വിദ്യാഭ്യാസ വിഭാഗം, അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയില്ലാത്തവർക്കുവേണ്ടി നടത്തുന്ന ബി.എ. / ബി.കോം ഓപ്പൺ സ്ട്രീം ഡിഗ്രി പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിന്, വിദൂര വിദ്യാഭ്യാസ വിഭാഗം 2019 ജൂലൈ 13 ന് നടത്തിയ പ്രവേശന പരീക്ഷയിൽ വിജയിച്ച വിദ്യാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു.

**അപേക്ഷ സമർപ്പിക്കാനുള്ള സമയക്രമം.**

| | |
|---|---|
| ഓൺലൈൻ രജിസ്ട്രേഷൻ തുടങ്ങുന്ന തീയതി | 14-08-2019 |
| പിഴ കൂടാതെ അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി | 25-08-2019 |
| 100/- രൂപ പിഴയോടുകൂടി അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി | 27-08-2019 |
| അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി | 30-08-2019 |

**ഓപ്പൺ സ്ട്രീം പ്രകാരം നടത്തുന്ന കോഴ്സുകൾ**

| പ്രോഗ്രാം | മെയിൻ (Core) | സബ്സിഡിയറി(Complementary) | ബന്ധപ്പെട്ട സെമസ്റ്റർ (Semester Concerned) | ഉപഭാഷ (Common Course) | നിബന്ധന (Instructions) |
|---|---|---|---|---|---|
| ബി.കോം | കൊമേഴ്സ് | ഫിനാൻസ്/ കോ-ഓപ്പറേഷൻ | | മലയാളം / ഹിന്ദി / അറബിക് | പ്രവേശന പരീക്ഷയ്ക്ക് പേപ്പർ III കൊമേഴ്സ് ആയിരിക്കണം |
| ബി.എ. | ഹിസ്റ്ററി | 1. പൊളിറ്റിക്കൽ സയൻസ്/ ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷൻ & പൊളിറ്റിക്സ്. 2. എസ്സൻഷ്യൽസ് ഓഫ് ഇക്കണോമിക്സ് | I to IV | മലയാളം / ഹിന്ദി / അറബിക് | പ്രവേശന പരീക്ഷയ്ക്ക് പേപ്പർ III കൊമേഴ്സ് ഒഴികെയുള്ള വിഷയങ്ങളിൽ ഒന്ന് എഴുതിയിരിക്കണം. |

| | | | | | |
|---|---|---|---|---|---|
| ബി.എ. | ഇക്കണോമിക്സ് | 1. പൊളിറ്റിക്കൽ സയൻസ്/ ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷൻ & പൊളിറ്റിക്സ്.<br>2. മോഡേൺ ഇൻഡ്യൻ ഹിസ്റ്ററി (1857 മുതൽ) / സൈക്കോളജിക്കൽ പ്രോസസ്സസ്. | I to IV | മലയാളം / ഹിന്ദി / അറബിക് | പ്രവേശന പരീക്ഷയ്ക്ക് പേപ്പർ III കൊമേഴ്സ് ഒഴികെയുള്ള വിഷയങ്ങളിൽ ഒന്ന് എഴുതിയിരിക്കണം. |
| ബി.എ. | സോഷ്യോളജി | 1. പൊളിറ്റിക്കൽ സയൻസ്/ ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷൻ & പൊളിറ്റിക്സ്.<br>2. മോഡേൺ ഇൻഡ്യൻ ഹിസ്റ്ററി (1857 മുതൽ) / സൈക്കോളജിക്കൽ പ്രോസസ്സസ്. | I to IV | മലയാളം / ഹിന്ദി / അറബിക് | പ്രവേശന പരീക്ഷയ്ക്ക് പേപ്പർ III കൊമേഴ്സ് ഒഴികെയുള്ള വിഷയങ്ങളിൽ ഒന്ന് എഴുതിയിരിക്കണം. |
| ബി.എ. | പൊളിറ്റിക്കൽ സയൻസ് | 1. മോഡേൺ വേൾഡ് ഹിസ്റ്ററി (എ.ഡി.1500 മുതൽ)<br>2. എസ്സൻഷ്യൽസ് ഓഫ് ഇക്കണോമിക്സ് | I to IV | മലയാളം / ഹിന്ദി / അറബിക് | പ്രവേശന പരീക്ഷയ്ക്ക് പേപ്പർ III കൊമേഴ്സ് ഒഴികെയുള്ള വിഷയങ്ങളിലൊന്ന് എഴുതിയിരിക്കണം. |
| ബി.എ. | ഇംഗ്ലീഷ് | 1. സോഷ്യൽ & കൾച്ചറൽ ഹിസ്റ്ററി ഓഫ് ബ്രിട്ടൻ<br>2. മോഡേൺ വേൾഡ് ഹിസ്റ്ററി (എ.ഡി.1500 മുതൽ) / ജേണലിസം / പൊളിറ്റിക്കൽ സയൻസ്/ ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷൻ & പൊളിറ്റിക്സ്.<br>OR<br>1. ജേണലിസം.<br>2. പൊളിറ്റിക്കൽ സയൻസ്/ ഇലക്ട്രോണിക് മീഡിയ / മോഡേൺ ഇൻഡ്യൻ ഹിസ്റ്ററി (1857 മുതൽ) / ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷൻ & പൊളിറ്റിക്സ്. | I to IV | മലയാളം / ഹിന്ദി / അറബിക് | പ്രവേശന പരീക്ഷയ്ക്ക് പേപ്പർ III കൊമേഴ്സ് ഒഴികെയുള്ള വിഷയങ്ങളിൽ ഒന്ന് എഴുതിയിരിക്കണം.. |
| ബി.എ. | മലയാളം | 1. കേരള പഠനം<br>2. സംസ്കൃതം / ജേണലിസം | I to IV | മലയാളം / ഹിന്ദി / അറബിക് | പ്രവേശന പരീക്ഷയ്ക്ക് പേപ്പർ III കൊമേഴ്സ് ഒഴികെയുള്ള വിഷയങ്ങളിൽ ഒന്നും പേപ്പർ II ആയി മലയാളവും എഴുതിയിരിക്കണം. |
| ബി.എ. | അറബിക് | ഓരോ സെമസ്റ്ററിലും രണ്ട് അറബിക് പേപ്പറുകൾ | I to IV | മലയാളം / ഹിന്ദി / അറബിക് | പ്രവേശന പരീക്ഷയ്ക്ക് പേപ്പർ III കൊമേഴ്സ് ഒഴികെയുള്ള വിഷയങ്ങളിൽ ഒന്നും പേപ്പർ II ആയി അറബിക്കും |

| | | | | | |
|---|---|---|---|---|---|
| | | | | | എഴുതിയിരിക്കണം. |
| ബി.എ. | ഹിന്ദി | ഓരോ സെമസ്റ്ററിലും രണ്ട് ഹിന്ദി പേപ്പറുകൾ | I to IV | മലയാളം / ഹിന്ദി / അറബിക് | പ്രവേശന പരീക്ഷയ്ക്ക് പേപ്പർ III കൊമേഴ്സ് ഒഴികെയുള്ള വിഷയങ്ങളിൽ ഒന്നും പേപ്പർ II ആയി ഹിന്ദിയും എഴുതിയിരിക്കണം. |

<u>പഠന കേന്ദ്രങ്ങളുടെ വിവരങ്ങൾ.</u>

| ക്രമ നം | പഠന കേന്ദ്രത്തിന്റെ പേര് | പ്രോഗ്രാമുകൾ |
|---|---|---|
| 1 | W.M.O. കോളേജ്, മുട്ടിൽ, വയനാട് | ബി.എ. , ബി.കോം. |
| 2 | ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്. മീഞ്ചന്ത, കോഴിക്കോട് | ബി.എ.., ബി.കോം |
| 3 | ഗവൺമെന്റ് കോളേജ്, മലപ്പുറം | ബി.എ.., ബി.കോം |
| 4 | M.E.S. K.V.M. കോളേജ്. വളാഞ്ചേരി, മലപ്പുറം | ബി.എ.., ബി.കോം |
| 5 | ശ്രീ കേരള വർമ്മ കോളേജ്, തൃശ്ശൂർ | ബി.എ. |
| 6 | സെന്റ് തോമസ് കോളേജ്, തൃശ്ശൂർ | ബി.കോം. |
| 7 | M.E.S. കല്ലടി കോളേജ്. മണ്ണാർക്കാട്, പാലക്കാട് | ബി.എ.., ബി.കോം |
| 8 | ഗവൺമെന്റ് കോളേജ്, മടപ്പള്ളി, കോഴിക്കോട് | ബി.എ., ബി.കോം. |
| 9 | ഗവൺമെന്റ് കോളേജ്, ചിറ്റൂർ, പാലക്കാട് | ബി.എ., ബി.കോം. |

<u>**ഫീസ് വിവരങ്ങൾ**</u>

| **ഫീസിന്റെ ഇനം** | **ബി.എ. പ്രോഗ്രാമുകൾക്ക് ബാധകമായ ഫീസ്** | **ബി.കോം പ്രോഗ്രാമിന് ബാധകമായ ഫീസ്** |
|---|---|---|
| അഡ്മിഷൻ ഫീസ് | ₹1325/- | ₹1325/- |
| ട്യൂഷൻ ഫീസ്(ഒരു വർഷത്തേക്ക്) | ₹1545/- | ₹1765/- |
| മെട്രിക്കുലേഷൻ ഫീസ് | ₹115/- | ₹115/- |
| പോസ്റ്റേജ് ചാർജ്ജ്/ സ്പോട്ട് അഡ്മിഷൻ ഫീസ് | ₹60/- | ₹60/- |

അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അപേക്ഷകൻ അഡ്മിഷൻ ഫീസ്, ഒന്നാം വർഷ ട്യൂഷൻ ഫീസ്, മെട്രിക്കുലേഷൻ ഫീസ്, പോസ്റ്റേജ് ചാർജ്ജ് / സ്പോട്ട് അഡ്മിഷൻ ഫീസ് എന്നിവ ഒടുക്കിയിരിക്കണം.

രണ്ടാം വർഷത്തെയും മൂന്നാം വർഷത്തെയും ട്യൂഷൻ ഫീസ് വിദൂര വിദ്യാഭ്യാസ വിഭാഗത്തിന്റെ വെബ്സൈറ്റിലും പത്രങ്ങളിലും പ്രസിദ്ധീകരിക്കുന്ന അറിയിപ്പുകൾക്കനുസരിച്ച് യഥാസമയം അടവാക്കേണ്ടതാണ്. എസ്.സി., എസ്.ടി., ഒ.ഇ.സി. എന്നീ വിഭാഗങ്ങളിൽപ്പെടുന്ന സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖല സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥരല്ലാത്ത വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് ഒടുക്കേണ്ടതില്ല. പകരം ഇവർ വിദൂര വിദ്യാഭ്യാസ വിഭാഗം വെബ്സൈറ്റിൽ ലഭ്യമായ, ഫീസാനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷാ ഫോറം പൂരിപ്പിച്ച് മതിയായ രേഖകൾ സഹിതം അപേക്ഷയോടൊപ്പം സമർപ്പിക്കണം. കാഴ്ച വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം ലഭിക്കുന്നതാണ്. ഇതിനായി ഇവർ അപേക്ഷയോടൊപ്പം കാഴ്ച വൈകല്യം തെളിയിക്കുന്നതിന് അസിസ്റ്റന്റ് സിവിൽ സർജനിൽ കുറയാത്ത ഗ്രേഡുള്ള ഒരു സർക്കാർ ഡോക്ടറുടെ പക്കൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്.

**<u>അപേക്ഷ സമർപ്പിക്കേണ്ട വിധം</u>**

പ്രവേശന പരീക്ഷയിൽ വിജയിച്ച വിദ്യാർത്ഥികൾ ബി.എ. അല്ലെങ്കിൽ ബി.കോം. കോഴ്സിന് ഓൺലൈനായി രജിസ്റ്റർ ചെയ്യണം. അപേക്ഷ സമർപ്പിക്കുന്നതിന് കാലിക്കറ്റ് സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റായ www.uoc.ac.in ന്റെ ഹോം പേജിലുള്ള Instant Web Payment System എന്ന സൗകര്യം ഉപയോഗിച്ച് ഫീസ് അടക്കേണ്ടതും(Purpose Code: OTH00097-SDE Open Degree Admissions 2019) തുടർന്ന് Online Registration link ലുള്ള OTH00097-SDE Open Degree Admissions 2019എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ചലാൻ വിവരങ്ങളും പ്രവേശന പരീക്ഷയുടെ രജിസ്റ്റർ നമ്പറും രേഖപ്പെടുത്തി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓൺലൈനായി രജിസ്റ്റർ ചെയ്ത ശേഷം അപേക്ഷയുടെ പ്രിന്റൗട്ട്, ഫീസടച്ച ചലാൻ രശീതി, വയസ്സുതെളിയിക്കുന്ന രേഖയുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും, ഫീസിളവിന് അർഹതയുള്ളവർ അത് തെളിയിക്കുന്നതിനുള്ള രേഖകൾ, സ്വന്തം മേൽവിലാസം എഴുതിയ 30 cm x 25 cm വലിപ്പത്തിലുള്ള കവർ (സ്റ്റാമ്പ് പതിക്കേണ്ടതില്ല) എന്നിവ സഹിതം - ഡയറക്ടർ , സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ, കാലിക്കറ്റ് സർവകലാശാല, കാലിക്കറ്റ് സർവകലാശാല.പി.ഒ., മലപ്പുറം -673635 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.

**<u>എസ്.ഡി.ഇ. ഐഡന്റിറ്റി കാർഡ്.</u>**

പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക്, അപേക്ഷയുടെ പരിശോധന പൂർത്തിയായതിനുശേഷം ഒരു എൻറോൾമെന്റ് നമ്പർ അനുവദിക്കുകയും ഇത് രേഖപ്പെടുത്തിയ തിരിച്ചറിയൽ കാർഡ് നൽകുന്നതുമാണ്. ഇത് വിദ്യാർത്ഥികൾ വിദൂരവിദ്യാഭ്യാസ വിഭാഗത്തിന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്. സമ്പർക്ക ക്ലാസ്സുകൾക്ക് ഹാജരാകുമ്പോൾ നിർബന്ധമായും തിരിച്ചറിയൽ കാർഡ് കൈവശം ഉണ്ടായിരിക്കേണ്ടതാണ്.

**<u>പഠന സാമഗ്രികളും സമ്പർക്ക ക്ലാസ്സുകളും.</u>**

പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ഓരോ സെമസ്റ്ററിലും അച്ചടിച്ച പഠന സാമഗ്രികളും, നിശ്ചിത എണ്ണം വീതം സമ്പർക്ക ക്ലാസ്സുകളും നൽകുന്നതാണ്. വിദൂര വിദ്യാഭ്യാസ വിഭാഗത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന സമയക്രമമനുസരിച്ച് വിദ്യാർത്ഥികൾ തിരിച്ചറിയൽ കാർഡുമായി അവർക്ക് അനുവദിച്ചിട്ടുള്ള പഠന കേന്ദ്രങ്ങളിൽ ക്ലാസ്സുകൾക്ക് ഹാജരാകേണ്ടതും പഠനസാമഗ്രികൾ കൈപ്പറ്റേണ്ടതുമാണ്.

**<u>പരീക്ഷകൾ.</u>**

പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ പരീക്ഷാ ഭവനിൽ നിന്നും പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനങ്ങൾക്ക് അനുസരിച്ച് 1 മുതൽ 6 സെമസ്റ്ററുകളുടെയും പരീക്ഷകൾക്ക് പ്രത്യേകമായി അപേക്ഷിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കോഴ്സ് തുടരുന്നതിന് സാധിക്കുന്നതല്ല. ഏതെങ്കിലും പരീക്ഷകളിൽ പരാജയപ്പെടുകയാണെങ്കിൽ അത് തുടർന്നുവരുന്ന സപ്ലിമെന്ററി പരീക്ഷകളിൽ എഴുതാവുന്നതാണ്.

**<u>ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്.</u>**

പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കും ഡിസ്കൺടിന്യൂ / കാൻസൽ ചെയ്യുന്ന വിദ്യാർത്ഥികൾക്കും, വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ നിന്നും ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഇതിനായി

വിദ്യാർത്ഥികൾ നിശ്ചിത അപേക്ഷാ ഫോറത്തിൽ മതിയായ രേഖകളോടൊപ്പം അപേക്ഷിക്കേണ്ടതാണ്. ഏതെങ്കിലും തരത്തിലുള്ള ഫീസ് കുടിശ്ശികയുള്ള പക്ഷം അത് അടവാക്കിയതിനു ശേഷം മാത്രമേ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

**<u>പൊതുവായ നിർദ്ദേശങ്ങൾ.</u>**

- ഓൺലൈൻ അപേക്ഷയുടെ ഒരു പകർപ്പ് അപേക്ഷകർ സൂക്ഷിക്കേണ്ടതാണ്. തിരിച്ചറിയൽ കാർഡ് ഡൗൺലോഡ് ചെയ്യുന്നതിനും മറ്റും അപേക്ഷയിൽ ഉള്ള ഓൺലൈൻ ഐ.ഡി.നമ്പർ ആവശ്യമാണ്.
- ഈ സ്ഥാപനത്തിലേക്കയക്കുന്ന എല്ലാ കത്തുകളിലും വിദ്യാർത്ഥിയുടെ വ്യക്തമായ മേൽവിലാസം, തെരഞ്ഞെടുത്തിട്ടുള്ള പഠന കേന്ദ്രം, വിഷയം, എന്നിവ നിർബന്ധമായും കാണിച്ചിരിക്കേണ്ടതാണ്. ആവശ്യമായ വിവരങ്ങളില്ലാത്ത കത്തുകൾ പരിഗണിക്കുന്നതല്ല.
- ന്യൂനതകൾ ഉള്ളതും വൈകി ലഭിക്കുന്നതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതായിരിക്കും.

**<u>അന്വേഷണങ്ങൾക്ക്</u>**

**വിലാസം**

ഡയറക്ടർ,

സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ,

യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്,

കാലിക്കറ്റ് യൂണിവേഴ്സിറ്റി.പി.ഒ.

മലപ്പുറം - 673635

**ഫോൺ** 0494 -2400288, 2407356, 2407512 .

**വെബ്സൈറ്റ്** www.sdeuoc.ac.in

Dr. Manoharan M
Registrar